G.O.(Rt)No.16/2023/LBR

കേരള സർക്കാർ

<u>സംഗ്രഹം</u>

തൊഴിലും നൈപുണ്യവും വകുപ്പ് - നാഷണൽ എംപ്ളോയ്മെന്റ് സർവ്വീസ് _ പ്രവാസികൾക്കായി ഓൺലൈൻ പോർട്ടൽ/വിർച്വൽ എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് ആരംഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (ജി) വകുപ്പ്

G.O.(Rt)No.16/2023/LBR തീയതി,തിരുവനന്തപുരം, 07-01-2023

---

പരാമർശം:- 1. 23/02/2022 ലെ സ. ഉ (സാധാ) നം 217/2022/തൊഴിൽ നം. ഉത്തരവ്

2. എംപ്ലോയ്മെന്റ് ഡയറക്ടറുടെ 05/11/2022 ലെ Q1/902/2022/ഡി.ഇ നമ്പർ കത്ത്.

<u>ഉത്തരവ്</u>

ലോക കേരള സഭയുടെ രണ്ടാം സമ്മേളനത്തിൽ ഉരുത്തിരിഞ്ഞ ശുപാർശ പ്രകാരം പ്രവാസികൾക്ക് ഓൺലൈനായി പോർട്ടൽ/വിർച്ച്വൽ എംപ്ളോയ്മെന്റ് എക്സ്ചേയ്ഞ്ച് ആരംഭിക്കുന്നതിന് ഭരണാനുമതി നൽകി പരാമർശം ഒന്ന് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിൽ പ്രസ്തുത ഓൺലൈൻ പോർട്ടൽ/ വിർചൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആരംഭിക്കുന്നതു സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശങ്ങളടങ്ങിയ ഉത്തരവ് പ്രത്യേകമായി പുറപ്പെടുവിക്കുന്നതാണെന്ന് പരാമർശിച്ചിരുന്നു. ആയതിലേയ്ക്ക് എംപ്ളോയ്മെന്റ് വകുപ്പിന്റെ നിലവിലെ നടപടിക്രമങ്ങളിൽ രജിസ്ട്രേഷൻ, റിന്യൂവൽ, അധിക യോഗ്യത കൂട്ടിച്ചേർക്കൽ, റീ എൻട്രി എന്നിവയിൽ വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശം നൽകണമെന്ന് പരാമർശം രണ്ട് കത്ത് പ്രകാരം എംപ്ലോയ്മെന്റ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രവാസികൾക്ക് ആരംഭിക്കുന്ന ഓൺലൈൻ പോർട്ടൽ/വിർച്ച്വൽ എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരമുള്ള രജിസ്ട്രേഷൻ, റിന്യൂവൽ, അധിക യോഗ്യത കൂട്ടിച്ചേർക്കൽ, റീ എൻട്രി എന്നിവ സംബന്ധിച്ച് ചുവടെ ചേർത്തിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

| എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിലവിൽ തുടർന്ന് വരുന്ന നടപടിക്രമങ്ങൾ | പ്രവാസികൾക്ക് വേണ്ടിയുള്ള ഓൺലൈൻ പോർട്ടൽ/വെർചൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലേക്കുള്ള നടപടിക്രമങ്ങൾ |
|---|---|
| <u>രജിസ്ട്രേഷൻ</u> | <u>രജിസ്ട്രേഷൻ</u> |
| എല്ലാ പ്രവർത്തി ദിവസങ്ങളിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. 14 വയസ്സ് പൂർത്തിയായ ഏതൊരാൾക്കും ടിയാന്റെ വാസസ്ഥലം ഉൾപ്പെടുന്ന എംപ്ലോയ്മെന്റ് | പ്രവാസികൾക്ക് വേണ്ടിയുള്ള ഓൺലൈൻ പോർട്ടൽ/വെർചൽ എംപ്ലോയ്മെന്റ്തൊഴിൽ പരിചയ സർട്ടിഫിക്കറ്റുകൾ രജിസ്ട്രേഷൻ |

Q1
10/1/23



Generated from eOffice by PRAVEEN KUMAR T.R, JEO (R2) DE, JEO(R2) DE, DE on 11/07/2023 11:35 AM

| | |
|---|---|
| എക്സ്ചേഞ്ചിൽ വയസ്സ്, ജാതി, വിദ്യാഭ്യാസ യോഗ്യത, മേൽ വിലാസം ഇടങ്ങിയവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം നേരിട്ട് ഹാജരായി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.<br><br>2017 മെയ് 5 മുതൽ www.eemployment.kerala.gov.in എന്ന വെബ് സൈറ്റ് മുഖേന ഓൺലൈൻ ആയും എംപ്ലോയ്മെന്റിൽ രജിസ്ട്രേഷനായി അപേക്ഷിക്കാവുന്നതാണ്. ഓൺലൈനായി അപേക്ഷ സമർപ്പിച്ചാൽ തൊണ്ണൂറ് ദിവസത്തിനകം അസ്സൽ സർട്ടിഫിക്കറ്റുമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഹാജരായി സർട്ടിഫിക്കറ്റ് വെരിഫൈ ചെയ്ത് രജിസ്ട്രേഷൻ നടപടി പൂർത്തിയാക്കേണ്ടതാണ്.<br><br>ഇത്തരത്തിൽ 90 ദിവസത്തിനകം ഹാജരാകുന്ന ഉദ്യോഗാർത്ഥികൾക്ക് ഓൺലൈനായി അപേക്ഷ തീയതി മുതലുള്ള സീനിയോറിറ്റി ലഭിക്കുന്നതാണ്. പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് യോഗ്യതയുള്ളവരും, രണ്ടാം ക്ലാസ്സിൽ കുറയാത്ത ബിരുദാനന്തര ബിരുദം ഉള്ളവരും അവരുടെ താമസസ്ഥലം ഉൾപ്പെടുന്ന എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലോ, പ്രസ്തുത എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് അധികാരപരിധിയിൽപ്പെടുന്ന റീജിയണിലെ പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലോ നേരിട്ട് ഹാജരായോ www.eemployment.kerala.gov.in എന്ന വെബ് സൈറ്റ് മുഖേന ഓൺലൈനായോ രജിസ്ട്രേഷനായി അപേക്ഷിക്കാവുന്നതാണ് | രേഖകളോടൊപ്പം എപ്പോൾ വേണമെങ്കിലും ഓൺലൈനായി തന്നെ ചേർക്കാവുന്നതാണ്. ടി തൊഴിൽ പരിചയ സർ ട്ടിഫിക്കറ്റുകൾ (സ്വയം സാക്ഷ്യപ്പെടുത്തിയവ) പ്രവാസി പോർട്ടലിൽ Upload ചെയ്യേണ്ടതുമാണ്.<br><br>സ്വയം സാക്ഷ്യപ്പെടുത്തിയ രേഖകൾ upload ചെയ്യുന്നത് കൊണ്ട് ആയത് സംബന്ധിച്ച അസ്സൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതില്ല. എക്സ്ചേഞ്ചുകളിൽ (പൂർണ്ണമായും ഓൺലൈൻ പ്ലാറ്റ്ഫോമിലുള്ള) 18 വയസ്സ് പൂർ ത്തിയായ (ഉയർന്ന പ്രായ പരിധി ഇല്ല) ഏതൊരു പ്രവാസിക്കും (തൊഴിൽ നഷ്ടം സംഭവിച്ച മടങ്ങി വന്ന് വിദേശ മലയാളികൾ/ നിലവിൽ ജോലി ചെയ്യുന്നവർ/കേരളത്തിന് പുറത്ത് നിലവിൽ ജോലി ചെയ്യുന്നവരുമായ മലയാളികൾ) കേരളത്തിലെ മേൽ വിലാസം, അവരുടെ നിലവിലെ തൊഴിൽ സാഹചര്യം, തൊഴിൽ നൈപുണ്യവും, വിദ്യാഭ്യാസയോഗ്യത വിദേശത്തോ, അന്യസംസ്ഥാനത്തോ ഉള്ള മേൽവിലാസം എന്നിവ തെളിയിക്കുന്നതിനുള്ള ആധികാരിക രേഖകൾ (പാസ്പോർട്ട്, ആധാർ, ഇലക്ഷൻ ഐഡി, റേഷൻ കാർഡ്, ഡ്രൈവിംഗ് ലൈസൻസ്, ജനന സർട്ടിഫിക്കറ്റ്, സ്കൂൾ/കോളേജ് സർട്ടിഫിക്കറ്റ് ഇടങ്ങിയവ) സ്വയം സാക്ഷ്യപ്പെടുത്തി ഓൺലൈൻ പോർ ട്ടലിൽ Upload ചെയ്ത് ഓൺലൈനായി രജിസ്റ്റർ ചെയ്യാവുന്നതാണ്. ഇത്തരത്തിൽ ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നതിനു കേരളത്തിലെ ഏതൊരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും സഹായം ലഭ്യമാകുന്നതാണ്. |
| ഓൺലൈനായി അപേക്ഷിക്കുന്നവർ അവർക്ക് ലഭ്യമാകുന്ന confirmation slip ൽ | പൂർണ്ണമായും ഓൺലൈൻ പ്ലാറ്റ്ഫോമിൽ പ്രവർത്തിക്കുന്നതിനാലും, പ്രവാസികൾക്ക് |



Generated from eOffice by PRAVEEN KUMAR T.R, JEO (R2) DE, JEO(R2) DE, DE on 11/07/2023 11:35 AM

C.O.(R1) No.16/2023/LBR

| | |
|---|---|
| പറഞ്ഞിരിക്കുന്ന സമയക്രമം പാലിച്ചുകൊണ്ട് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഹാജരായി രജിസ്ട്രേഷൻ ഉറപ്പ് വരുത്തേണ്ടതാണ്. അതായത് അപേക്ഷ സമർപ്പിച്ചാൽ തൊണ്ണൂറ് ദിവസത്തിനകം നടപടി പൂർത്തിയാക്കേണ്ടതാണ്. ഇത്തരത്തിൽ 9 0 ദിവസത്തിനകം ഹാജരാകുന്ന ഉദ്യോഗാർത്ഥികൾക്ക് ഓൺ ലൈനായി അപേക്ഷിച്ച തീയതി മുതലുള്ള സീനിയോറിറ്റി ലഭിക്കുന്നതാണ്. | പ്രത്യേകമായി ഏർപ്പെടുത്തിയിട്ടുള്ളതാകയാലും സ്ഥിതി വിവര കണക്കുകളുടെ ശേഖരത്തിനായി വയസ്സ്, ജാതി, വിദ്യാഭ്യാസയോഗ്യത, മേൽവിലാസം എന്നീ വിവരങ്ങൾ നിർബന്ധമായും രേഖപ്പെടുത്തേണ്ടതുണ്ട്.<br><br>സ്വയം സാക്ഷ്യപ്പെടുത്തിയ രേഖകൾ upload ചെയ്യുന്നത് കൊണ്ട് ആയത് സംബന്ധിച്ച അസ്സൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതില്ല.<br><br>"ഇത്തരത്തിൽ പ്രവാസി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്യുന്നവർക്ക്, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന വേക്കൻസി ഉൾപ്പെടെയുള്ള മറ്റ് സേവനങ്ങൾ ലഭിക്കുന്നതിന് ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പോർട്ടലിലൂടെ കേരളത്തിലെ അവരുടെ മേൽവിലാസപരിധിയിൽ വരുന്ന എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നേരിട്ടോ ഓൺലൈനായോ രജിസ്റ്റർ ചെയ്യാവുന്നതാണ്. പ്രസ്തുത രജിസ്ട്രേഷനുകളിൽ നിശ്ചിത തീയതികളിൽ സർട്ടിഫിക്കറ്റ് വേരിഫിക്കേഷൻ നടത്തേണ്ടതുമാണ്. |
| **രജിസ്ട്രേഷൻ പുതുക്കൽ** | **രജിസ്ട്രേഷൻ പുതുക്കൽ** |
| എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് രജിസ്ട്രേഷൻ മൂന്ന് വർഷത്തിലൊരിക്കലാണ് പുതുക്കേണ്ടത്. രജിസ്ട്രേഷൻ പുതുക്കേണ്ട മാസത്തിലോ, തൊട്ടടുത്ത രണ്ടുമാസത്തിലോ പ്രവൃത്തി ദിവസങ്ങളിൽ നേരിട്ടോ, ദൂതൻ മുഖേനയോ, വകുപ്പിന്റെ വെബ് സൈറ്റ് മുഖേന ഓൺലൈനായോ പുതുക്കാവുന്നതാണ്. പട്ടികജാതി/പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് പുതുക്കേണ്ട മാസം മുതൽ ഒരു വർഷത്തിനകം രജിസ്ട്രേഷൻ പുതുക്കാവുന്നതാണ്. വിമുക്തഭടന്മാർ ജില്ലാ സൈനിക ക്ഷേമ കാര്യാലയത്തിലും അവരവരുടെ പ്രാദേശിക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലും രജിസ്ട്രേഷൻ പുതുക്കേണ്ടതാണ്. പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് രജിസ്ട്രേഷനുള്ള ഉദ്യോഗാർത്ഥികൾ അവരവരുടെ പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലും കൂടാതെ അവരുടെ രജിസ്ട്രേഷൻ നിലനിൽക്കുന്ന പ്രാദേശിക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലും നേരിട്ട് ഹാജരായോ ഓൺലൈൻ | പ്രവാസികളുടെ ഓൺലൈൻ പോർട്ടൽ/വെർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് രജിസ്ട്രേഷൻ 5 വർഷത്തിലൊരിക്കൽ പുതുക്കൽ നടത്തിയാൽ മതിയാകും. പ്രവാസികളുടെ ഓൺലൈൻ പോർട്ടൽ മുഖേന ഓൺലൈനായി പുതുക്കാവുന്നതാണ്, അല്ലാത്ത പക്ഷം പ്രവൃത്തി ദിവസങ്ങളിൽ നേരിട്ടോ, ദൂതൻ മുഖേനയോ കേരളത്തിലുള്ള ഏത് എക്സ്ചേഞ്ചിൽ നിന്നും പുതുക്കൽ നടത്താവുന്നതാണ്.<br><br>പുതുക്കൽ നടത്തിയിട്ടില്ലാത്ത രജിസ്ട്രേഷനുകൾ പ്രവാസികളുടെ ഓൺലൈൻ പോർട്ടൽ വഴിയുള്ള സേവനങ്ങൾ ആവശ്യമില്ല എന്ന നിഗമനത്തിൽ ഡോർമെൻസിലേക്ക് മാറ്റപ്പെടും. എന്നാൽ ഗുണഭോക്താവിന് |



Generated from eOffice by PRAVEEN KUMAR T.R, JEO (R2) DE, JEO(R2) DE, DE on 11/07/2023 11:35 AM

| | |
|---|---|
| മുഖേനയോ രജിസ്ട്രേഷൻ പുതുക്കൽ നടത്തേണ്ടതാണ്. | സേവനങ്ങൾ തുടർന്നും ആവശ്യമുള്ളപക്ഷം ടി രജിസ്ട്രേഷൻ റിവൈവ് ചെയ്യാവുന്നതാണ്. |
| **അധിക യോഗ്യത കൂട്ടിചേർക്കൽ** | **അധിക യോഗ്യത കൂട്ടിചേർക്കൽ** |
| എംപ്ലോയ്മെന്റിൽ രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികൾക്ക് അധികയോഗ്യത ലഭിക്കുന്ന മുറയ്ക്ക് കാലാകാലങ്ങളിൽ രജിസ്ട്രേഷനോടൊപ്പം കൂട്ടിച്ചേർക്കാവുന്നതാണ്.<br>ഓൺലൈനായും/ഓഫീസിൽ ഹാജരായും അധിക യോഗ്യത ചേർക്കാവുന്നതാണ്. ഓൺലൈനായി സർട്ടിഫിക്കറ്റ് രജിസ്റ്റർ ചെയ്യുന്നവർ തൊണ്ണൂറ് ദിവസത്തിനകം അസ്സൽ സർട്ടിഫിക്കറ്റുമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഹാജരായി സർട്ടിഫിക്കറ്റ് വെരിഫൈ ചെയ്യേണ്ടതാണ്. അപ്രകാരം ഓൺലൈനായി അധിക യോഗ്യത കൂട്ടിച്ചേർക്കുന്നതിനായി അപേക്ഷിക്കുന്നവർക്ക് തൊണ്ണൂറ് ദിവസത്തിനകം അസ്സൽ സർട്ടിഫിക്കറ്റുമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഹാജരായി സർട്ടിഫിക്കറ്റ് വെരിഫൈ ചെയ്യുന്നപക്ഷം അപേക്ഷ തീയതി മുതലുള്ള സീനിയോരിറ്റി ലഭിക്കുന്നതാണ്. | അധികയോഗ്യത സർട്ടിഫിക്കറ്റുകൾ രജിസ്ട്രേഷൻ രേഖകളോടൊപ്പം ചേർക്കുന്നതിന് ബന്ധപ്പെട്ട ഡാറ്റ പ്രവാസി പോർട്ടലിൽ ചേർക്കുകയും, ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകൾ (സ്വയം സാക്ഷ്യപ്പെടുത്തിയവ) പോർട്ടലിൽ Upload ചെയ്യേണ്ടതുമാണ്.<br><br>സ്വയം സാക്ഷ്യപ്പെടുത്തിയ രേഖകൾ upload ചെയ്യുന്നത് കൊണ്ട് ആയത് സംബന്ധിച്ച അസ്സൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതില്ല. |
| **തൊഴിൽ പരിചയ സർട്ടിഫിക്കറ്റ് ചേർക്കൽ** | **തൊഴിൽ പരിചയ സർട്ടിഫിക്കറ്റ് ചേർക്കൽ** |
| കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ ജനറൽ റൂൾ 9(a) (1) പ്രകാരം പരമാവധി 180 ദിവസമോ, സ്ഥിര നിയമനം/PSC നിയമനം ലഭിച്ചയാൾ ഹാജരാകുകയോ ഏതാണോ ആദ്യം എന്നതനുസരിച്ചാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം ലഭിച്ചവരെ ജോലിയിൽ നിന്നും വിടുതൽ ചെയ്യുന്നത്. അത്തരത്തിൽ പിരിയുന്നവർ 29/07/1994 ലെ ജി.ഒ (എം.എസ്) 45/94/L B R സർക്കാർ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള മാതൃകയിലുള്ള വിടുതൽ സർട്ടിഫിക്കറ്റ് ലഭ്യമാക്കി ജോലിയിൽ നിന്നും യഥാർത്ഥത്തിൽ പിരിഞ്ഞ തീയതി മുതൽ 90 ദിവസത്തിനകം ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഹാജരാക്കേണ്ടതാണ്. ടി സർട്ടിഫിക്കറ്റ് യഥാസമയം ഹാജരാക്കാത്തവരുടെ സീനിയോറിറ്റി നഷ്ടപ്പെടുന്നതാണ്.<br><br>കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം 1960 ലെ ഷോപ്പ് ആന്റ് | തൊഴിൽ പരിചയ സർട്ടിഫിക്കറ്റുകൾ രജിസ്ട്രേഷൻ രേഖകളോടൊപ്പം എപ്പോൾ വേണമെങ്കിലും ഓൺലൈനായി തന്നെ ചേർക്കാവുന്നതാണ്. ടി തൊഴിൽ പരിചയ സർ ട്ടിഫിക്കറ്റുകൾ (സ്വയം സാക്ഷ്യപ്പെടുത്തിയവ) പ്രവാസി പോർട്ടലിൽ Upload ചെയ്യേണ്ടതുമാണ്.<br><br>സ്വയം സാക്ഷ്യപ്പെടുത്തിയ രേഖകൾ upload ചെയ്യുന്നത് കൊണ്ട് ആയത് സംബന്ധിച്ച അസ്സൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതില്ല. |



Generated from eOffice by PRAVEEN KUMAR T.R, JEO (R2) DE, JEO(R2) DE, DE on 11/07/2023 11:35 AM

G.O.(Rt)No.16/2023/LBR

| | |
|---|---|
| കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന്റെ കീഴിൽ വരുന്ന സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന തൊഴിൽ പരിചയ സർട്ടിഫിക്കറ്റുകൾ അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് II സാക്ഷ്യപ്പെടുത്തേണ്ടതും, ഫാക്ടറീസ് ആക്ടിന്റെ കീഴിൽ വരുന്ന സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന തൊഴിൽ പരിചയ സർട്ടിഫിക്കറ്റുകൾ ഇൻസ്പെക്ടർമാരോ/ ജോയിന്റ് ഡയറക്ടർമാരോ സാക്ഷ്യപ്പെടുത്തേണ്ടതും പ്രൈവറ്റ് ഐ.ടി.ഐ-കൾ നൽകുന്ന തൊഴിൽ പരിചയ സർട്ടിഫിക്കറ്റുകൾ ട്രെയിനിംഗ് ഇൻസ്പെക്ടർമാർ സാക്ഷ്യപ്പെടുത്തേണ്ടതും, സ്വകാര്യ മേഖലയിലുള്ള ആശുപത്രികൾ, മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള തൊഴിൽ പരിചയ സർട്ടിഫിക്കറ്റുകൾ, സ്വകാര്യ മേഖലയിലെ ഹോമിയോ ആശുപത്രികളിലെ 'എ' ക്ലാസ് രജിസ്റ്റേർഡ് ഡോക്ടർമാർ നൽകുന്ന 3 വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയ സർട്ടിഫിക്കറ്റുകൾ എന്നിവ അതാത് ജില്ലാ മെഡിക്കൽ ഓഫീസറോ ജില്ലാ മെഡിക്കൽ ഓഫീസർമാർ നിർദ്ദേശിക്കുന്ന ഒരു ഓഫീസറോ സാക്ഷ്യപ്പെടുത്തേണ്ടതും അപ്രകാരം ലഭ്യമാകുന്ന സർട്ടിഫിക്കറ്റുകൾ മാത്രം രജിസ്ട്രേഷനോടൊപ്പം ചേർത്ത് നൽകുന്നതുമാണ്. | |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MINI ANTONY I A S
SECRETARY

എംപ്ലോയ്മെന്റ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Kavitha I
Date: 09-01-2023 10:37:38
സെക്ഷൻ ഓഫീസർ



Generated from eOffice by PRAVEEN KUMAR T.R, JEO (R2) DE, JEO(R2) DE, DE on 11/07/2023 11:35 AM